എം.ജി.എൻ.ആർ.ഇ.ജി.എ. പദ്ധതി പ്രകാരം ചെലവാക്കാത്ത തുക

189(481) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ഗ്രാമീണ തൊഴിൽദാന പദ്ധതി (എം.ജി.എൻ.ആർ.ഇ.ജി.എ.)-ക്ക് 2010 നവംബർ 1 വരെ ലഭിച്ച കേന്ദ്ര സഹായത്തിൽ ചെലവാക്കാതെ മിച്ചമായി സംസ്ഥാന ഗവൺമെന്റിന്റെ അക്കൗണ്ടിൽ ഓരോ ജില്ലയിലും എത്ര കോടി രൂപ ബാക്കി ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിനോടകം എം.ജി.എൻ.ആർ.ഇ.ജി.എ. പദ്ധതിയിൽ മാത്രം സഹായമായി എത്ര കോടി രൂപ ലഭിച്ചുവെന്ന് അറിയിക്കുമോ;

(സി) 2009-10 സാമ്പത്തിക വർഷത്തിലെ ഏതെല്ലാം ജില്ലകളിലെ ഓഡിറ്റ് റിപ്പോർട്ടും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും കേന്ദ്ര ഗവൺമെന്റിന് നൽകാൻ ബാക്കിയുണ്ടെന്ന് അറിയിക്കുമോ;

(ഡി) തൊഴിലുറപ്പ് പദ്ധതിയിൽ പേർ രജിസ്റ്റർ ചെയ്ത എത്ര തൊഴിലാളികൾ സംസ്ഥാനത്ത് ഉണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 2010 നവംബർ 1 വരെ കേന്ദ്രസഹായമായി ലഭിച്ച തുകയിൽ അക്കൗണ്ടിൽ ബാക്കിയുള്ള തുകയുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) എം.ജി.എൻ.ആർ.ഇ.ജി.എ. പദ്ധതിയിൽ കേന്ദ്രസഹായമായി 37,379.34 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

(സി) 2009-10 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ടും. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും പത്തനംതിട്ട ജില്ല ഒഴികെ ബാക്കി എല്ലാ ജില്ലകളും കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് 5197148 തൊഴിലാളികൾ പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

യു.ഐ.ഡി.എസ്.എസ്.എം.ടി. പദ്ധതി

190(482) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് നഗരത്തിൽ യു.ഐ.ഡി.എസ്.എസ്.എം.ടി. പദ്ധതിയിൽ ഉൾപ്പെടുത്തി എന്തൊക്കെ പ്രവൃത്തികളാണ് നടത്തി വരുന്നത് എന്നറിയിക്കുമോ;

(ബി) ഈ പ്രവൃത്തികളുടെ പുരോഗതി വിശദീകരിക്കുമോ?

ഉത്തരം

(എ&ബി) പാലക്കാട് നഗരത്തിൽ യു.ഐ.ഡി.എസ്.എസ്.എം.ടി. പദ്ധതി പ്രകാരമുള്ള പ്രവൃത്തികളൊന്നും നടപ്പിലാക്കിവരുന്നില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly